**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2144</u> <u>11.02.2020 ൽ മറുപടിക്ക്</u>

## <u>ഒല്ലൂർ മണ്ഡലത്തിലെ ആശുപത്രികളിൽ നടത്തിയ നവീകരണ പ്രവർത്തനങ്ങൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ. രാജൻ | | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒല്ലൂർ നിയോജക മണ്ഡലത്തിലെ വിവിധ സർക്കാർ ആശുപത്രികളിൽ നടത്തിയ നവീകരണ പ്രവർത്തനങ്ങളും അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) & (ബി) | ഒല്ലൂർ നിയോജക മണ്ഡലത്തിൽ സി.എച്ച്.സി.ഒല്ലൂർ, സി.എച്ച്.സി വെള്ളാനിക്കര, കുടുംബാരോഗ്യ കേന്ദ്രം വാണിയംപാറ, പട്ടിക്കാട്, നടത്തറ, മാടക്കത്തറ, പുത്തൂർ, ജി.ഡി.പി.പുത്തൂർ എന്നീ സ്ഥാപനങ്ങളാണ് ഉള്ളത്.<br>കുടുംബാരോഗ്യകേന്ദ്രം പുത്തൂർ ആർദ്രം ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയ സ്ഥാപനമാണ്. കുടുംബാരോഗ്യകേന്ദ്രം പട്ടിക്കാട്, നടത്തറ, വാണിയംപാറ, മാടക്കത്തറ എന്നിവ ആർദ്രം രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയ സ്ഥാപനങ്ങളാണ്. താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.<br>എ) കുടുംബാരോഗ്യകേന്ദ്രം പട്ടിക്കാട് - ഒരു ഡോക്ടർ, ഒരു ലാബ് ടെക്നീഷ്യൻ<br>ബി) കുടുംബാരോഗ്യകേന്ദ്രം നടത്തറ - ഒരു ഡോക്ടർ, ഒരു സ്റ്റാഫ് നഴ്സ്<br>സി) കുടുംബാരോഗ്യകേന്ദ്രം വാണിയംപാറ - ഒരു ഡോക്ടർ, ഒരു സ്റ്റാഫ് നഴ്സ്<br>ഡി) കുടുംബാരോഗ്യ കേന്ദ്രം മാടക്കത്തറ - ഒരു ഡോക്ടർ, ഒരു ലാബ് ടെക്നീഷ്യൻ<br>ഇ) കുടുംബാരോഗ്യകേന്ദ്രം പുത്തൂർ - 2 സ്റ്റാഫ് നഴ്സ് ഗ്രേഡ് - 2, ഒരു ലാബ് ടെക്നീഷ്യൻ<br>**I. സി.എച്ച്.സി.വെള്ളാനിക്കര**<br>സി.എച്ച്.സി.വെള്ളാനിക്കരയിൽ ബഹു.എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 50 ലക്ഷം രൂപയും എം.പി.ഫണ്ട്, ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് എന്നിവ ഉൾപ്പെടുത്തി 1,38,00,000/- രൂപയ്ക്ക് പുതിയ ഇരുനില കെട്ടിടം പണി പൂർത്തീകരിച്ചു. ഈ കെട്ടിടത്തിൽ ജനറൽ ഒ.പി., ഡെന്റൽ ഒ.പി., എൻ.സി.ഡി.ക്ലിനിക്, ഫാർമസി, ലാബ്, മൈനർ ഓപ്പറേഷൻ തീയേറ്റർ, ഒബ്സർവേഷൻ റൂം, |
| (ബി) | ഏതെല്ലാം പ്രവൃത്തികൾക്കാണ് നിലവിൽ ഭരണാനുമതി ലഭിച്ചിട്ടുള്ളതെന്നും അവയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ? | | |

ട്ടും കോമ്പൗണ്ട് ടിട്ടും എന്നിവ പ്രവർത്തിക്കുന്നു.

II. **കുടുംബാരോഗ്യകേന്ദ്രം പുത്തൂർ**

ആർദ്രം ഒന്നാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയതിനോടനുബന്ധിച്ച് ഈ സ്ഥാപനത്തിൽ 13,84,000/- രൂപയുടെ വികസന പ്രവർത്തനങ്ങൾ എൻ.എച്ച്.എം. മുഖേന നിർവ്വഹിച്ചിട്ടുണ്ട്. ഇതു കൂടാതെ ബഹു.എം.എൽ.എ.യുടെ നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 34 ലക്ഷം രൂപ പുതിയ കെട്ടിട നിർമ്മാണത്തിനായി അനുവദിക്കുകയും ഇതിന്റെ 50% പണികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ആർദ്രം പദ്ധതിയോടനുബന്ധിച്ച് കുടുംബാരോഗ്യ കേന്ദ്രത്തിൽ ഒരു ഡോക്ടർ, 2 സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നീ അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

III. **കുടുംബാരോഗ്യകേന്ദ്രം നടത്തറ**

ആർദ്രം രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയതിന്റെ ഭാഗമായി നിർമ്മിതി കേന്ദ്രം മുഖേന എൻ.എച്ച്.എം. 15.5 ലക്ഷത്തിന്റെ നിർമ്മാണ പ്രവർത്തികൾ നടന്നു വരുന്നു. ഇതിൽ 60% ജോലികൾ പൂർത്തീകരിച്ചു. ബഹു.എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതി പ്രകാരം 45 ലക്ഷം രൂപയുടെ പ്രവർത്തികൾ നടന്നു വരുന്നു. ഇതിൽ 45% ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ ആർദ്രം പദ്ധതി പ്രകാരം ഒരു ഡോക്ടറുടേയും ഒരു സ്റ്റാഫ് നഴ്സിന്റെയും അധിക തസ്തിക സൃഷ്ടിച്ചിട്ടുണ്ട്.

IV. **കുടുംബാരോഗ്യകേന്ദ്രം വാണിയംപാറ**

ആർദ്രം രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തിയതിന്റെ ഭാഗമായി എൻ.എച്ച്.എം. പ്രകാരം 14 ലക്ഷത്തിന്റെ നിർമ്മാണ പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ട്. ബഹു.എം.എൽ.എ.യുടെ ആസ്തി വികസന പദ്ധതി പ്രകാരം 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതു കൂടാതെ ആർദ്രം പദ്ധതിയുടെ ഭാഗമായി ഒരു ഡോക്ടറുടെയും ഒരു സ്റ്റാഫ് നഴ്സിന്റെയും അധിക തസ്തിക സൃഷ്ടിച്ചിട്ടുണ്ട്.

V. **എഫ്.എച്ച്. സി മാടക്കത്തറ**

ആർദ്രം രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയതിന്റെ ഭാഗമായി എൻ.എച്ച്.എം. പ്രകാരം 15.5 ലക്ഷത്തിന്റെ

| | | | |
|---|---|---|---|
| | | | പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ട്. ഇതിൽ 75% പ്രവർത്തികൾ പൂർത്തികരിച്ചിട്ടുണ്ട്<br><br>**VI. എഫ്.എച്ച്. സി പട്ടിക്കാട്**<br><br>ആർദ്രം രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയതിന്റെ ഭാഗമായി എൻ.എച്ച്.എം. മുഖേന 14 ലക്ഷത്തിന്റെ നിർമ്മാണ പ്രവർത്തികൾ നിർമ്മിതി കേന്ദ്രം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ഇവിടെ ഒരു ഡോക്ടർ, ഒരു ലാബ് ടെക്നീഷ്യൻ എന്നീ അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ